പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം**
നമ്പർ.60

**04.06.2018-ൽ മറുപടിക്ക്**

**പി.എസ്.സി. നിയമനം**

**ചോദ്യം**
**ശ്രീ.പി.കെ.ബഷീർ**

**ഉത്തരം**
**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2018 ഏപ്രിൽ 30 വരെ എത്ര ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. മുഖേന നിയമനം നല്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 30.04.2018 വരെ 72,982 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കൂടുതൽ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനും പി.എസ്.സി. സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ; | (ബി) | വിവിധ വകുപ്പുമേധാവികളും നിയമനാധികാരികളും എഴുതി അറിയിക്കുന്ന ഒഴിവുകളിലേക്ക് പി.എസ്.സി. സമയബന്ധിതമായി നിയമന ശിപാർശ നൽകി വരുന്നു. |
| (സി) | ഒഴിവുകൾ കൃത്യ സമയത്ത് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം ചെയ്യാതിരുന്നത് കാരണം ഏതെല്ലാം വകുപ്പുതലവന്മാർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി സ്വീകരിച്ച നടപടികളെന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (സി) | ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയത് ശ്രദ്ധയിൽപ്പെട്ട കേസുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടുകയും വീഴ്ചകൾ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുകയും ചെയ്തുവരുന്നുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ ആയത് ഏത് വകുപ്പിലാണെന്നും, തസ്തികയുടെ പേര്, തസ്തിക സൃഷ്ടിച്ചതുമൂലമുള്ള സാമ്പത്തിക ബാധ്യത തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ